കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.സുരേന്ദ്രൻ റ്റി.റ്റി. (സെക്രട്ടറി, പീലിക്കോട് ഗ്രാമപഞ്ചായത്ത്, കാസർഗോഡ്) - യെ കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.356/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,18/02/2022.

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/ധന. നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/ധന.
3. 16.12.2017-തീയതിയിലെ സ.ഉ.(സാധാ) നം.4069/2017/തസ്വഭവ
4. 03.06.2019-തീയതിയിലെ സ.ഉ.(സാധാ) നം.1139/2019/തസ്വഭവ
5. 04.03.2020-തീയതിയിലെ സ.ഉ.(സാധാ) നം.546/2020/തസ്വഭവ
6. 26.02.2021-തീയതിയിലെ സ.ഉ.(സാധാ) നം.637/2021/തസ്വഭവ
7. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.01.2022-ലെ 12971/ഇ 1/2017/കെ. എസ്.എച്ച്. ഒ. നമ്പർ കത്ത്

<u>ഉത്തരവ്</u>

കാസറഗോഡ് പീലിക്കോട് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ആയ ശ്രീ. സുരേന്ദ്രൻ റ്റി.റ്റി. -യെ പരാർശം (3) ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തുടർന്നു ദീർഘിപ്പിച്ചു നല്കിയ അന്യത്രസേവനകാലാവധി 02.01.2022-ൽ അവസാനിച്ചതായും 03.01.2022 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (7) -ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സുരേന്ദ്രൻ റ്റി.റ്റി.യുടെ കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലാവധി കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 03.01.2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ. സുരേന്ദ്രൻ റ്റി.റ്റി., സെക്രട്ടറി, പീലിക്കോട് ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No.IA1/28/2022-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ